ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.06.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ത്രിരാഷ്ട്ര പര്യടനത്തിന്റെ ആദ്യഘട്ടത്തിൽ സൈപ്രസിലെത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി; സൈപ്രസ് പ്രസിഡന്റുമായി നാളെ ഉഭയകക്ഷി ചർച്ച.

   **PM Modi reaches Cyprus on first leg of his three-nation tour; Bilateral talks with the President of Cyprus tomorrow.**

2. അഹമ്മദാബാദ് വിമാനാപകട ത്തിൽ മരിച്ചവരെ തിരിച്ചറിയുന്നതിനുള്ള DNA പരിശോധന തുടരു ന്നു. ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാണിയുടേതുൾപ്പെടെ 32 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു.

   **DNA testing to identify the victims of the Ahmedabad plane crash is ongoing. 32 bodies, including that of former Gujarat Chief Minister Vijay Rupani, have been identified.**

3. ഉത്തരാഖണ്ഡിൽ ഹെലികോപ്റ്റർ തകർന്ന് ഏഴ് പേർ മരിച്ച സംഭവം എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അന്വേഷിക്കും.

   **The helicopter crash in Uttarakhand that claimed seven lives will be investigated by the Aircraft Accident Investigation Bureau.**

4. മിസൈൽ ആക്രമണങ്ങൾ സ്വയംപ്രതിരോധത്തിനെന്നും ഇസ്രയേൽ സൈനികനീക്കം നിർത്തിയാൽ ആക്രമണം അവസാനിപ്പിക്കുമെന്നും ഇറാൻ.

   **Iran says missile attacks are in self-defense and will end if Israel stops military action.**

5. കേരളത്തിൽ ശക്തമായ മഴ തുടരുന്നു; അഞ്ചു വടക്കൻ ജില്ലകളിൽ ഇന്നും നാളെയും ചുവപ്പു ജാഗ്രതാനിർദേശം.

**Heavy rain continues in Kerala; Red alert issued in five northern districts today and tomorrow.**

6. കാറ്റിൽ നിന്നുള്ള ഇന്ത്യയുടെ ഊർജശേഷി പത്തര ശതമാനത്തിലധികം വർധിച്ച് 51.5 ജിഗാവാട്ടായി ഉയർന്നതായി കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി.

**India's Wind Energy Capacity Rises Over 10.5% to 51.5 GW, Says Union Minister Pralhad Joshi.**

&&&&&&&&&&&&&&&&&

## HEAD LINE – 1

## PM VISIT

ത്രിരാഷ്ട്ര പര്യടനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സൈപ്രസിൽ എത്തി. സൈപ്രസ് പ്രസിഡന്റ് നീക്കോസ് ക്രിസ്റ്റോഡുലീദിസ് അദ്ദേഹത്തെ സ്വീകരിച്ചു. ലെമെസോസിൽ ഇന്ത്യൻ-സൈപ്രസ് സംരംഭകരുമായി ഇരുനേതാക്കളും ചർച്ച നടത്തും. പ്രധാനമന്ത്രി നിക്കോസിയയിൽ സൈപ്രസ് പ്രസിഡന്റുമായി ഉഭയകക്ഷിചർച്ച നടത്തും. വ്യാപാരം, നിക്ഷേപം, വിദ്യാഭ്യാസം, ഡിജിറ്റൽ സഹകരണം, പ്രാദേശിക സുരക്ഷ തുടങ്ങിയ പ്രധാന മേഖലകൾ ചർച്ചകളിൽ ഉൾപ്പെടും. ഇന്ത്യ-യൂറോപ്യൻ യൂണിയൻ പങ്കാളിത്തം, ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി എന്നിവയുൾപ്പെടെ വിശാലമായ അന്താരാഷ്ട്ര വികസനങ്ങളെക്കുറിച്ചും നേതാക്കൾ കാഴ്ചപ്പാടുകൾ കൈമാറും. ജി-7 ഉച്ചകോടിക്കായി ക്യാനഡയിലേക്ക് പുറപ്പെടുന്നതിന് മുമ്പ് പ്രസിഡന്റിന്റെ കൊട്ടാരത്തിൽ ഉച്ചഭക്ഷണത്തോടെയാണ് സന്ദർശനം അവസാനിക്കുക.

&&&&&&&&&&&&&&&&&

## PM – DEPARTURE STATEMENT

സൈപ്രസ് ഇന്ത്യയുടെ അടുത്ത സുഹൃത്തും, മെഡിറ്ററേനിയൻ മേഖലയിലും യൂറോപ്യൻ യൂണിയനിലും സുപ്രധാന പങ്കാളിയുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ പോരാട്ടത്തിൽ

സഖ്യരാജ്യങ്ങൾ നൽകുന്ന ഉറച്ച പിന്തുണയ്ക്ക് നന്ദി അറിയിക്കുന്നതിനും ആഗോള ധാരണ വർദ്ധിപ്പിക്കുന്നതിനുമുള്ള അവസരം കൂടിയാണ് ത്രിരാഷ്ട്ര പര്യടനമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. സൈപ്രസിനു പിന്നാലെ ക്യാനഡയും ക്രൊയേഷ്യയും പ്രധാനമന്ത്രി സന്ദർശിക്കും.

&&&&&&&&&&&&&&&&&

## HEAD LINE – 2

## AHMEDABAD PLANE CRASH

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ചവരെ തിരിച്ചറിയുന്നതിനുള്ള DNA പരിശോധനകൾ തുടരുന്നു. ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാണിയുടേതുൾപ്പെടെ 32 പേരുടെ മൃതദേഹങ്ങൾ ഇതിനകം തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതിൽ 14 മൃതദേഹങ്ങൾ കുടുംബങ്ങൾക്ക് കൈമാറി. ഗാന്ധിനഗർ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ഡിഎൻഎ പരിശോധന 24 മണിക്കൂറും തുടർച്ചയായി നടക്കുന്നതായി ലബോറട്ടറി ഡയറക്റ്റർ HP സങ്വി അറിയിച്ചു

&&&&&&&&&&&&&&&&&

## HEAD LINE – 3

## EVE HELICOPTER CRASH - AAIB

ഉത്തരാഖണ്ഡിലെ കേദാർനാഥ് ക്ഷേത്രത്തിന് സമീപം ഹെലികോപ്റ്റർ തകർന്ന് ഏഴ് പേർ മരിച്ച സംഭവം എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അന്വേഷിക്കും. കേദാർനാഥിൽനിന്ന് ഗുപ്തകാശിയിലേക്കു പോയ കോപ്റ്റർ ഇന്നു രാവിലെയാണ് ഗൗരികുണ്ഡിന് സമീപം തകർന്നത്. സുരക്ഷാ മുൻകരുതലിന്റെ ഭാഗമായി ചാർധാമിലേക്കുള്ള എല്ലാ ചാർട്ടർ-ഷട്ടിൽ ഹെലികോപ്റ്റർ സർവീസുകളും നാളെ വരെ നിർത്തിവച്ചു. സംഭവത്തെത്തുടർന്ന്, സുരക്ഷാ നടപടിക്രമങ്ങൾ കർശനമായി പാലിക്കാൻ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി, സംസ്ഥാന വ്യോമയാന വികസന അതോറിറ്റിക്ക് നിർദേശം നൽകി.

&&&&&&&&&&&&&&&&&

## IRAN FOREIGN MINISTER

ഇസ്രയേലിന് നേരെ നടത്തിയ മിസൈൽ ആക്രമണങ്ങൾ സ്വയംപ്രതിരോധത്തിനാണെന്നും ഇസ്രയേൽ സൈനിക നീക്കം നിർത്തിയാൽ ആക്രമണങ്ങൾ അവസാനിപ്പിക്കുമെന്നും ഇറാൻ. അയൽരാജ്യങ്ങളിലേക്ക് സംഘർഷം വ്യാപിപ്പിക്കാൻ ഇറാൻ ആഗ്രഹിക്കുന്നില്ലെന്ന് വിദേശകാര്യ മന്ത്രി അബ്ബാസ് അരഘ്ചി പറഞ്ഞു. ഇറാൻ-അമേരിക്ക ആണവ ചർച്ചകൾ അട്ടിമറിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഇസ്രയേലിന്റെ നടപടികളെന്നും ഇറാൻ മന്ത്രി ആരോപിച്ചു. ഇന്നലെ രാത്രി ഇറാൻ ആരംഭിച്ച മിസൈൽ ആക്രമണത്തിൽ ഇസ്രയേലിൽ കുട്ടികൾ ഉൾപ്പെടെ 10 പേർ കൊല്ലപ്പെടുകയും 200 ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## IRAN-ISRAEL-CONFLICT

അതേസമയം, ഇസ്രയേൽ ആക്രമണത്തിൽ ഇറാനിൽ 80 പേർ മരിച്ചതായും 320 പേർക്ക് പരിക്കേറ്റതായും ഇറാൻ മന്ത്രി അറിയിച്ചു. ടെഹ്റാനിലെ എണ്ണ സംഭരണശാലയിൽ വലിയ തീപിടിത്തമുണ്ടായി. റോക്കറ്റ് ആക്രമണം തുടരുമ്പോഴും, അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിയവരെ കണ്ടെത്താനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്. സംഘർഷത്തെ തുടർന്ന് ആറാം റൗണ്ട് അമേരിക്ക-ഇറാൻ ആണവ ചർച്ചകൾ റദ്ദാക്കി. സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ അനാവശ്യയാത്രകൾ ഒഴിവാക്കണമെന്നും എംബസിയുമായി സമ്പർക്കം പുലർത്തണമെന്നും ഇന്ത്യൻ പൗരന്മാർക്ക് എംബസി നിർദേശം നൽകി. പുതുക്കിയ വിവരങ്ങൾ ലഭിക്കുന്നതിന് എംബസിയുടെ ടെലിഗ്രാം ലിങ്കിൽ ചേരാനും അഭ്യർഥിച്ചു.

&&&&&&&&&&&&&&&&&&

## EVE AMIT SHAH - APPOINTMENT LETTERS (INTRO)

ഉത്തർപ്രദേശ് പൊലീസിൽ പുതുതായി നിയമിക്കപ്പെട്ട അറുപതിനായിരത്തിലധികം കോൺസ്റ്റബിൾമാർക്ക് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നിയമനപത്രങ്ങൾ വിതരണം ചെയ്തു. 12 ആയിരത്തിലധികം വനിതകളും ഇതിൽ ഉൾപ്പെടുന്നു.

ഏതെങ്കിലും സുരക്ഷാ സേനയിൽ ഇത്രയധികം സ്ത്രീകൾക്ക് ഒരുമിച്ച് നിയമനപത്രങ്ങൾ ലഭിക്കുന്നത് ഇതാദ്യമാണ്. മുൻപ് രാജ്യത്തെ 11 സംസ്ഥാനങ്ങളിൽ നക്സൽ പ്രവർത്തനങ്ങൾ വ്യാപകമായിരുന്നുവെന്ന് ശ്രീ അമിത് ഷാ പറഞ്ഞു. ഇപ്പോൾ മൂന്ന് ജില്ലകളിൽ മാത്രമാണ് നക്സലിസം ഉള്ളതെന്നും അടുത്ത വർഷം മാർച്ചോടെ രാജ്യം നക്സലിസത്തിൽ നിന്ന് മുക്തമാകും എന്നും അദ്ദേഹം വ്യക്തമാക്കി. (വോയ്സ്)

&&&&&&&&&&&&&&&&&

## INDIAN ARMY LETTERS

ഓപ്പറേഷൻ സിന്ദൂരിറിൽ പൗരന്മാർ നൽകിയ അചഞ്ചലമായ പിന്തുണയ്ക്ക് നന്ദി പറഞ്ഞ് ഇന്ത്യൻ സൈന്യം. പൗരന്മാരിൽനിന്ന് ലഭിച്ച കത്തുകൾ സൈന്യം സമൂഹമാധ്യമത്തിൽ പങ്കുവച്ചു. ജനങ്ങളുടെ വാക്കുകൾ ആത്മവിശ്വാസവും ആവേശവും പകരുന്നവയാണെന്ന് സൈന്യം വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## NILAMBUR – BYELECTION

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം അവസാനിക്കാൻ രണ്ടു ദിവസം മാത്രം ശേഷിക്കെ സ്ഥാനാർത്ഥികളുടെ പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. എൽഡിഎഫ് സ്ഥാനാർഥി എം സ്വരാജിൻറെ പ്രചാരണ പരിപാടിയിൽ മുഖ്യമന്ത്രിയും CPI-M മുതിർന്ന നേതാവുമായ പിണറായി വിജയൻ പങ്കെടുത്തു. യുഡിഎഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിൻറെ പ്രചാരണത്തിൽ കോൺഗ്രസ് എംപി പ്രിയങ്ക ഗാന്ധി പങ്കെടുത്തു. എൻഡിഎ സ്ഥാനാർത്ഥി അഡ്വ. മോഹൻ ജോർജിൻറെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയായ "വികസിത നിലമ്പൂർ രൂപരേഖ"യുടെ പ്രകാശനം ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ നിർവഹിച്ചു.

&&&&&&&&&&&&&&&&&

## HEAD LINE – 6

## WIND SOLAR ENRGY (INTRO)

കാറ്റിൽനിന്നുള്ള ഇന്ത്യയുടെ ഊർജ്ജശേഷി കഴിഞ്ഞ വർഷം 46.42 ൽനിന്ന് പത്തര ശതമാനത്തിലധികം വർദ്ധിച്ച് 51.5 ജിഗാവാട്ടായി ഉയർന്നതായി കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി. നൂതനാശയങ്ങൾ, ഹരിത സാങ്കേതികവിദ്യ, സുസ്ഥിര പുരോഗതി എന്നിവയാൽ രാജ്യം സ്വയംപര്യാപ്തതയിലേക്ക് നീങ്ങുകയാണെന്ന് അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയുടെ പുനരുപയോഗ ഊർജമേഖല അഭൂതപൂർവമായ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ടെന്ന് ശ്രീ ജോഷി പറഞ്ഞു.

(വോയ്സ്)

കാലാവസ്ഥാ വ്യതിയാനത്തിനെതിരായ പോരാട്ടത്തിൽ കാർബൺ പുറന്തള്ളൽ കുറയ്ക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 2030 ഓടെ പുനരുപയോഗ ഊർജ്ജശേഷി 500 ജിഗാവാട്ട് ആയി ഇന്ത്യ ലക്ഷ്യം വച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

## HEAD LINE – 5

## RAIN – KERALA

കേരളത്തിൽ ശക്തമായ മഴ തുടരുന്നു. അടുത്ത 5 ദിവസം വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും റെഡ് അലർട്ട് പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും ഇന്ന് ഓറഞ്ച് അലർട്ടാണ്. കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ നാളെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മീൻപിടിത്തം നിരോധിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

## RIVER WARNING

വിവിധ ജില്ലകളിൽ ജലസേചന വകുപ്പ് പ്രളയസാധ്യത മുന്നറിയിപ്പ് നൽകി. പത്തനംതിട്ടയിലെ അച്ചൻകോവിൽ, കാസർകോട്ടെ

കരിയങ്കോട്, നീലേശ്വരം, മൊഗ്രാൽ എന്നീ നദികളുടെ കരയിലുള്ളവർ ജാഗ്രത പാലിക്കണമെന്ന് നിർദേശമുണ്ട്.

&&&&&&&&&&&&&&&&&

## IMD - INDIA

അതിശക്തമായ മഴയ്ക്കു സാധ്യതയുള്ളതിനാൽ, തമിഴ്നാട്, കർണാടകയിലെ തീരമേഖലകളും തെക്കൻ കർണാടകയും, കൊങ്കൺ മേഖല, ഗോവ, മഹാരാഷ്ട്രയിലെ രണ്ടു ജില്ലകൾ എന്നിവിടങ്ങളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് റെഡ് അലർട്ട് പ്രഖ്യാപിച്ചു. അതേസമയം, ഡൽഹിയിൽ ഇന്നു രാവിലെയുണ്ടായ ശക്തമായ കാറ്റും മഴയും മേഖലയിലെ താപനില ഗണ്യമായി കുറയ്ക്കുകയും തീവ്രമായ ഉഷ്ണതരംഗത്തിൽനിന്ന് ആശ്വാസമേകുകയും ചെയ്തു. വായു നിലവാരം മെച്ചപ്പെടുത്താനും ഇതു സഹായകമായി.

&&&&&&&&&&&&&&&&&

## JITENDRA - SCIENCE (INTRO)

വരുംവർഷങ്ങളിൽ ഇന്ത്യയുടെ വളർച്ചയിൽ ബഹിരാകാശ സമ്പദ്‌വ്യവസ്ഥ പ്രധാനപ്പെട്ട ഘടകമായിരിക്കുമെന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ജിതേന്ദ്ര സിങ് പറഞ്ഞു. ബഹിരാകാശ രംഗത്തു സ്വകാര്യ മേഖലയ്ക്ക് അവസരം നൽകിയതും, ആണവ മേഖലയെക്കുറിച്ചുള്ള പ്രഖ്യാപനവും, കഴിഞ്ഞ 10 വർഷത്തിനിടെ മോദി സർക്കാർ എടുത്ത തീരുമാനങ്ങളിൽ ഉൾപ്പെടുന്നുവെന്ന് ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ ശ്രീ സിങ് പറഞ്ഞു.
(വോയ്സ്)

സേവനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയിൽ നിന്ന് നവീകരണാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയിലേക്കുള്ള മാറ്റത്തിനും അദ്ദേഹം ഊന്നൽ നൽകി.

&&&&&&&&&&&&&&&&&

## PLUS ONE ALLOTMENT

കേരളത്തിൽ പ്ലസ് വൺ പ്രവേശനത്തിന്റെ മൂന്നാമത്തേതും അവസാനത്തേതുമായ അലോട്ട്മെന്റ് നാളെ പ്രസിദ്ധീകരിക്കും. രാവിലെ 10 മുതൽ മറ്റന്നാൾ വൈകിട്ട് 5 വരെ പ്രവേശനം നേടാം. താൽക്കാലിക പ്രവേശനത്തിലുള്ള വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ നിലനിർത്താൻ ഇനി അവസരം ഉണ്ടായിരിക്കില്ല. സ്പോർട്സ് ക്വാട്ടയുടെ അവസാന അലോട്ട്മെന്റും ഇതോടൊപ്പം പ്രസിദ്ധീകരിക്കും. ഇതുവരെ അപേക്ഷിക്കുവാൻ കഴിയാത്തവർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിനായി പുതിയ അപേക്ഷകൾ സമർപ്പിക്കാം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&